# മിഷൻ ഞായർ 2011

ദൈവത്തിനു സ്തുതി!

ദൈവജനത്തിനു സമാധാനം!

പ്ലാറ്റിനം ജൂബിലി ആഘോഷിച്ചുകൊണ്ടിരിക്കുന്ന തിരുവനന്തപുരം അതിരൂപത ഈ മാസം 23-ാം തിയതി സാർവ്വത്രിക സഭയോടൊപ്പം മിഷൻ ഞായറാഴ്ച ആചരിക്കുകയാണ്. സുവിശേഷവൽക്കരണമാണ് മിഷൻ ഞായറാഴ്ച്ചാചരണത്തിന്റെ ലക്ഷ്യം. ഒരു നവസുവിശേഷവല്ക്കരണമാണ് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിലൂടെ നാം ഉന്നം വയ്ക്കുന്നതും.

സുവിശേഷം എന്തെന്നറിയാത്തവൻ, സുവിശേഷത്തിൽ വിശ്വസിക്കാത്തവൻ, സുവിശേഷം പ്രഘോഷിക്കാത്തവൻ ക്രിസ്ത്യാനിയേ അല്ല. നമ്മുടെ രക്ഷയുമായി അഭേദ്യമായി ബന്ധപ്പെട്ട ഒന്നാണ് സുവിശേഷം. എന്താണ് സുവിശേഷം? വാക്കിന്റെ അർത്ഥം തന്നെ നല്ല വിശേഷം എന്നാണ്. നല്ല വിശേഷങ്ങൾ നമ്മെ സന്തോഷിപ്പിക്കുന്നു; സന്തോഷം നാം ആഘോഷിക്കുന്നു; ആഘോഷം സന്തോഷം വർദ്ധിപ്പിക്കുന്നു. സന്തോഷം തരുന്ന നല്ല വിശേഷങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനുള്ള ഒരു സ്വാഭാവിക പ്രവണത എല്ലാവർക്കുമുണ്ട്. പങ്കുവയ്ക്കുന്തോറും സന്തോഷം വർദ്ധിക്കുകയും അത് പൂർണ്ണമാവുകയും ചെയ്യുന്നു.

ഒരിക്കൽ ഒരു ധ്യാനഗുരു സുവിശേഷത്തെ നിർവ്വചിച്ചത് ഇപ്രകാരമാണ്: 'തനിക്ക് എവിടെ നിന്നാണ് അപ്പം കിട്ടിയതെന്ന് ഒരു യാചകൻ മറ്റു യാചകരോട് പറയുന്നതാണ് സുവിശേഷം'. ഒന്നാമത് അപ്പം കിട്ടി അഥവാ രക്ഷകൈവന്നു എന്ന സന്തോഷാനുഭൂതി എനിക്കുണ്ടാവണം. രണ്ടാമതായി, രക്ഷ കിട്ടാനുള്ള വഴി ഞാൻ മറ്റുള്ളവർക്കും പറഞ്ഞു കൊടുക്കണം; ഇതാണ് സുവിശേഷവല്ക്കരണം.

ദൈവത്തിന്റെ വചനമാണ് ഏറ്റവും വലിയ സുവിശേഷം അഥവാ സന്തോഷവാർത്ത. വചനം തന്നെയായ യേശു വെളിപ്പെടുത്തിയതിനെക്കാൾ വലിയ സന്തോഷവാർത്തയില്ല. അതുകൊണ്ടാണ് യേശുവിന്റെ പ്രബോധനങ്ങളെ നാം സുവിശേഷമെന്നു വിളിക്കുന്നത്. എന്താണ് യേശു വെളിപ്പെടുത്തിയ സന്തോഷവാർത്ത? ദൈവത്തെക്കുറിച്ച് മനുഷ്യർക്ക് പൊതുവേ വികലവും വിചിത്രവുമായ കാഴ്ചപ്പാടുകളാണുള്ളത്. യേശു വന്നത് ദൈവത്തെ നമുക്കു വെളിപ്പെടുത്തിത്തരുവാനാണ്. യേശു പ്രസംഗിച്ച സുവിശേഷത്തെയാകമാനം വെറും രണ്ടേ രണ്ടു വാക്കുകളുള്ള ഒറ്റ വാക്യത്തിൽ ഇപ്രകാരം സംഗ്രഹിക്കാം: "ദൈവം സ്നേഹമാണ്". യേശുവും ശിഷ്യന്മാരുമൊക്കെപ്പറഞ്ഞ മറ്റെല്ലാ കാര്യങ്ങളും "ദൈവം സ്നേഹമാണ്" എന്ന സുവിശേഷത്തിന്റെ വ്യാഖ്യാനം മാത്രമാണ്. സ്നേഹം തന്നെയായ ദൈവത്തെ അനുഭവിച്ചറിയുകയും ഈ സ്നേഹാനുഭവം എല്ലാവരുമായി പങ്കുവയ്ക്കുന്നതുമാണ് സുവിശേഷവല്ക്കരണം. സഭയുടെ ഈ സുവിശേഷവല്ക്കരണത്തിൽ സജീവമായി പങ്കുചേരേണ്ടത് എന്റെയും നിങ്ങളുടെയും സഭയിലെ ഓരോ അംഗത്തിന്റെയും കടമയാണ്. ''സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!" (1 കോറി. 9, 16) എന്ന പൗലോസിന്റെ വാക്കുകൾ നാം വിസ്മരിക്കരുത്.

പ്രേഷിത പ്രവർത്തകർക്കെല്ലാം മാതൃകയും നമ്മുടെ അതിരൂപതാ മദ്ധ്യസ്ഥയുമായ വിശുദ്ധ കൊച്ചുത്രേസ്യ സുവിശേഷം എന്തെന്ന് മനസ്സിലാക്കിയ ഒരു വ്യക്തിയാണ്. സ്നേഹത്തിന്റെ ഈ നല്ല വിശേഷം എല്ലാ രാജ്യങ്ങളിലും ചെന്ന് എല്ലാ ജനങ്ങളെയും അറിയിക്കുവാൻ അവൾ അതിയായി ആഗ്രഹിച്ചിരുന്നു. വിശുദ്ധ പൗലോസിനെപ്പോലെ എല്ലാവർക്കും എല്ലാമായിത്തീരുവാൻ ആഗ്രഹിച്ച അവൾ ലിസ്യുവിലെ മിണ്ടാമഠത്തിലിരുന്നുകൊണ്ട് ലോകമാസകലവുമുള്ള പ്രേഷിത പ്രവർത്തനങ്ങളിൽ പങ്കുചേരുവാൻ കണ്ടുപിടിച്ച മാർഗ്ഗം സ്നേഹമാണ്. വിവിധ അവയവങ്ങളുടെ കൂട്ടായ്മയായ ശരീരത്തിൽ നിന്നാണ് അവൾ ഈ പാഠം പഠിച്ചത്. സ്നേഹത്തിന്റെ പ്രതീകമാണല്ലോ ഹൃദയം. ഹൃദയത്തിന് എല്ലാ അവയവങ്ങളിലേയ്ക്കും പോകാൻ സാധിക്കുന്നില്ല. എന്നാൽ ഹൃദയത്തിൽ നിന്നൊഴുകുന്ന രക്തം അവയവങ്ങളെയെല്ലാം സജീവമാകുന്നു. ഇങ്ങനെ സ്നേഹത്താൽ പ്രേരിതയായി നിരന്തരം പ്രാർത്ഥിക്കുയും പരിത്യാഗ പ്രവൃത്തികൾ അനുഷ്ഠിക്കുകയും ചെയ്തുകൊണ്ടാണ് വിശുദ്ധ കൊച്ചു ത്രേസ്യാ സഭയിലെ പ്രേഷിതപ്രവർത്തനങ്ങളെയെല്ലാം സജീവമാക്കുവാൻ സഹായിച്ചിരുന്നത്.

വിശുദ്ധ കൊച്ചു ത്രേസ്യയെപ്പോലെ സഭയുടെ സുവിശേഷവല്ക്കരണ പ്രക്രിയയിൽ സജീവമായി പങ്കുചേർന്നുകൊണ്ട് നമ്മുടെയും മറ്റുള്ളവരുടെയും രക്ഷ ഒരു യാഥാർത്ഥ്യമാക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരാണ് നാമോരോരുത്തരും. ഇതു സാധിക്കണമെങ്കിൽ സുവിശേഷവല്ക്കരണവുമായി ബന്ധപ്പെട്ട മൂന്നു തലങ്ങളെക്കുറിച്ചുള്ള ആഴമായ അവബോധം നമുക്കുണ്ടായിരിക്കണം.

## a) സുവിശേഷം അറിയുക

- ദൈവസ്നേഹത്തിന്റെ സുവിശേഷം അറിയുകയും ഈ അറിവിൽ അനുദിനം വളരുകയും ചെയ്യുക എന്നുള്ളതാണ് സുവിശേഷവല്ക്കരണത്തിന്റെ ആദ്യതലം. നിത്യജീവൻ പ്രാപിക്കാൻ എന്തുചെയ്യണം എന്ന ചോദ്യത്തിന് യേശുനൽകുന്ന ഉത്തരമിതാണ്: “ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശു ക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ” (യോഹ. 17, 3). ദൈവത്തെക്കുറിച്ചുള്ള അറിവ്, ദൈവസ്നേഹത്തിന്റെ ചരിത്രത്തെക്കുറിച്ചുള്ള അറിവ് നിത്യജീവൻ പ്രാപിക്കുവാൻ കൂടിയേ തീരൂ.

- വിശുദ്ധ ഗ്രന്ഥത്തിലൂടെയും സഭാപാരമ്പര്യത്തിലൂടെയുമാണ് ഈ അറിവ് നമുക്ക് ലഭിക്കുന്നതും അതിൽ നാം വളരുന്നതും. ദൈവസ്നേഹത്തിന്റെ ചരിത്രം മാനുഷിക ഭാഷയിൽ പരിശുദ്ധാത്മാവിന്റെ നിവേശനത്താൽ ഏഴുതപ്പെട്ടതാണ് വിശുദ്ധ ഗ്രന്ഥം. അതേ സത്യങ്ങൾ സഭയിലൂടെ, അതായത് അപ്പോസ്തലന്മാരിലൂടെയും അവരുടെ പിൻഗാമികളിലൂടെയും സഭാ ശുശ്രൂഷകരിലൂടെയും വാക്കിലൂടെയും ജീവിതമാതൃകകളിലൂടെയും നമുക്കു ലഭിക്കുന്നതാണ് സഭാപാരമ്പര്യം. അതുകൊണ്ട് സുവിശേഷം നമ്മുടെ രക്ഷയുടെ സദ്വാർത്തയാകണമെങ്കിൽ വിശുദ്ധ ഗ്രന്ഥത്തിലൂടെയും പാരമ്പര്യത്തിലൂടെയും നമുക്കു ലഭിക്കുന്ന ദൈവസ്നേഹത്തെക്കുറിച്ചുള്ള അറിവിൽ അനുദിനം നാം വളരണം.

- വിശുദ്ധ ഗ്രന്ഥപാരായണത്തിലൂടെയും അതേക്കുറിച്ചുള്ള നിരന്തരമായ വിചിന്തനത്തിലൂടെയും മതബോധനത്തിലൂടെയും അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലൂടെയും ധ്യാനപരിപാടികളിലൂടെയും സുവിശേഷത്തെക്കുറിച്ച് ആഴമായി അറിയാനുള്ള അവസരങ്ങൾ നമുക്ക് ധാരാളം കിട്ടുന്നുണ്ട്. ഈ അവസരങ്ങൾ അതിരൂപതയിലെ എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കുവാനും ഫലപ്രദമായി ഉപയോഗിക്കുവാനും വർദ്ധിപ്പിക്കുവാനുമുതകുന്ന പരിപാടികൾക്കായിരിക്കണം ഈ ജൂബിലി വർഷത്തിൽ നാം മുൻഗണന നൽകേണ്ടത്.

## b) സുവിശേഷം ആഘോഷിക്കുക

- അറിവ് ആഘോഷമായിത്തീരുന്നതാണ് സുവിശേഷവല്ക്കരണത്തിന്റെ രണ്ടാം തലം. നല്ല വാർത്തകൾ അറിയാൻ മാത്രമുള്ളതല്ല, ആഘോഷിക്കാൻ കൂടിയുള്ളതാണ്. ഉദാഹരണത്തിന് ഒരു കുഞ്ഞിന്റെ ജനനം ഒരു സുവിശേഷമാണ്, സന്തോഷവാർത്തയാണ്. സന്തോഷവാർത്തകൾ ഒരിക്കൽ അറിഞ്ഞതുകൊണ്ട് മാത്രം നാം തൃപ്തരാകുന്നില്ല. കൂടെകൂടെ അത് നാം അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. ആഘോഷം അറിവ് വർദ്ധിപ്പിക്കുകയും അതിനെ അനുഭവമാക്കുകയും സന്തോഷം കൊണ്ട് നിറയ്ക്കുകയും ചെയ്യുന്നു.

- സുവിശേഷവും ഇതുപോലെ ആഘോഷിക്കാനുള്ളതാണ്. ദൈവസ്നേഹത്തിന്റെ സുവിശേഷം മുഴുവൻ യേശു അന്ത്യ അത്താഴവേളയിൽ ദിവ്യകാരുണ്യത്തിൽ സംഗ്രഹിച്ചു. എന്നിട്ട് യേശു പറഞ്ഞു: "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" (ലൂക്കാ. 22, 19). സുവിശേഷം ആഘോഷിക്കുവാനുള്ള ഒരു കല്പനയാണിത്. പ്രപഞ്ച സൃഷ്ടിമുതലുള്ള ദൈവസ്നേഹത്തിന്റെ ചരിത്രമാകുന്ന സുവിശേഷം അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും ആഘോഷിക്കുന്നതാണ് ആരാധനക്രമം, പ്രത്യേകിച്ചും ദിവ്യബലി. ദിവ്യബലി അർപ്പിക്കുമ്പോഴെല്ലാം ദൈവസ്നേഹത്തിന്റെ ഈ സുവിശേഷമാണ് നാം അനുസ്മരിക്കുന്നതും ആഘോഷിക്കുന്നതും. സ്നേഹത്തിന്റെ ഈ സുവിശേഷം മാനുഷിക ഭാഷയിൽ എഴുതപ്പെട്ടപ്പോൾ അതു വിശുദ്ധ ഗ്രന്ഥമായി. അതു മാനുഷികമായ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ആഘോഷിച്ചപ്പോൾ അത് ആരാധനാക്രമമായി. വിശുദ്ധ ഗ്രന്ഥവും ആരാധനാക്രമവും സുവിശേഷമെന്ന നാണയത്തിന്റെ ഇരുവശങ്ങളാണ്.

- അതുകൊണ്ട് ഈ ജൂബിലിവർഷത്തിൽ സുവിശേഷവല്ക്കരണവുമായി ബന്ധപ്പെടുത്തി നാം പ്രാധാന്യം നൽകേണ്ട രണ്ടാമത്തെ തലം ആരാധന ക്രമമാണ്. ബലിയർപ്പണത്തിലും കൂദാശകളുടെ പരികർമ്മത്തിലും വന്നുപോയ പാളിച്ചകൾ നികത്തി, കുറവുകൾ പരിഹരിച്ച് സഭയുടെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ആരാധനാ ക്രമത്തെ ഒരു സുവിശേഷാനുഭവമായി പകർത്തുവാൻ നമുക്കു കഴിയണം.

## c) സുവിശേഷം ജീവിക്കുക

- മൂന്നാമതായി നാം ശ്രദ്ധിക്കേണ്ട തലം സുവിശേഷവും ജീവിതവും തമ്മിലുള്ള ബന്ധമാണ്. നാം വിശ്വസിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന സുവിശേഷം നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരണം; നമ്മുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും സ്വാധീനിക്കുന്നതായിരിക്കണം ഈ സുവിശേഷം.

- ദുഃഖങ്ങളും ദുരിതങ്ങളും അസാമാധാനവും അസ്വസ്തതയും സംഘർഷങ്ങളും സംഘട്ടനങ്ങളും അനുഭിവക്കുന്നവരുടെ മുമ്പിൽ സുവിശേഷമായി അവതരിക്കുവാൻ നമുക്ക് കഴിയണം. വിശക്കുന്നവന്റെ മുമ്പിൽ അപ്പമായും വേദനിക്കുന്നവന്റെ മുമ്പിൽ ആശ്വാസമായും രോഗിയുടെ മുമ്പിൽ ശുശ്രൂഷകനായും ദരിദ്രന്റെ മുമ്പിൽ ഉദാരശീലനായും മാറുവാൻ ഓരോ ക്രിസ്ത്യാനിക്കും സാധിക്കമ്പോഴാണ് അവൻ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സുവിശേഷമായിത്തീരുന്നത്. നാം വിശ്വസിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന സുവിശേഷം സ്നേഹമായി, കാരുണ്യമായി സാന്ത്വനമായി എല്ലാവരിലേയ്ക്കും ഒഴുകണം; പ്രകാശമായി പരക്കണം; പരിമളമായി നിറയണം.

അങ്ങനെ നമ്മുടേതായ ജീവിത സാഹചര്യങ്ങളിൽ സുവിശേഷമായി ജ്വലിച്ചു നിൽകുവാൻ നമുക്കു കഴിയണം.

- ഇവിടെയാണ് അതിരൂപതയിൽ നാം ചെയ്തുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ - ആതുരശുശ്രൂഷ - സാമൂഹ്യ സേവന ശുശ്രൂഷകളുടെ പ്രാധാന്യവും പ്രസക്തിയും നാം കാണേണ്ടത്. സാമൂഹ്യ തിന്മകൾക്കെതിരായ പോരാട്ടത്തിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും വികസന മേഖലകളിലും മുൻപന്തിയിൽ നിൽക്കുന്ന ഒരു പാരമ്പര്യം സഭയ്ക്കുണ്ട്. കാലോചിതമായ പദ്ധതികളിലൂടെ ഈ പാരമ്പര്യം സംരക്ഷിക്കുവാനും അതിനെ ഒന്നുകൂടി മെച്ചപ്പെടുത്തുവാനും നമുക്കു കഴിയണം. അതേസമയം തന്നെ സുവിശേഷ സാക്ഷ്യത്തിനു പകരം ഏതെങ്കിലും തരത്തിൽ എതിർ സാക്ഷ്യങ്ങൾ നൽകുന്ന മേഖലകളെല്ലാം കണ്ടെത്തുവാനും അവ തിരുത്തുവാനും സുവിശേഷത്തിനു സുതാര്യമായ സാക്ഷ്യം വഹിക്കുവാനും നമ്മെ സഹായിക്കുന്നതായിരിക്കണം ഈ ജൂബിലി വർഷത്തിൽ നാം ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന പരിപാടികളെല്ലാം.

## സുവിശേഷവും പരിശുദ്ധാത്മാവും

സുവിശേഷവല്ക്കരണം ഉന്നം വച്ചിട്ടുള്ള വളരെയേറെ സംവിധാനങ്ങളുണ്ടായിട്ടും, അവയിലൂടെ കുറെയേറെ കാര്യങ്ങൾ ചെയ്തുകൂട്ടിയിട്ടും പലപ്പോഴും നമ്മുടെ പ്രേഷിത പ്രവർത്തനങ്ങൾ ഉദ്ദേശിക്കുന്ന ഫലം പുറപ്പെടുവിക്കാത്തതിന്റെ കാരണവും നാം അന്വേഷിക്കേണ്ടിയിരിക്കുന്നു. ഏറ്റവും പ്രധാനമായി നാം മനസ്സിലാക്കിയിരിക്കേണ്ട വലിയ ഒരു സത്യമിതാണ്: പരിശുദ്ധാത്മാവിന്റെ നിവേശനത്താലാണ് സുവിശേഷം എഴുതപ്പെട്ടത്. യേശു വെളിപ്പെടുത്തിയ സുവിശേഷം തലമുറകളായി അതിന്റെ പൂർണ്ണതയിൽ കൈമാറാൻ സാധിക്കുന്നതും പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായാണ്. പരിശുദ്ധാത്മാവിനാൽ നിറയാത്ത ആർക്കും തന്നെ സുവിശേഷമാകുവാനോ അതിന് സാക്ഷ്യം നൽകുവാനോ സാധിക്കുകയില്ല. അതുകൊണ്ട് പരിശുദ്ധാത്മാവിന്റെ നിറവോടു കൂടിയായിരിക്കണം സുവിശേഷവല്ക്കരണത്തിന് നാം ഒരുമ്പടേണ്ടതെന്ന് യേശു നമ്മെ ഉപദേശിക്കുന്നു: "നിങ്ങൾ പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരിക്കുവിൻ. പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലം യൂദായിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും" (അപ്പ. പ്രവ. 1, 5-8). യേശുവിന്റെ ഈ ഉപദേശമനുസരിച്ച് അപ്പോസ്തലന്മാർ പരിശുദ്ധ കന്യകാമറിയത്തോടൊപ്പം സെഹിയോൻ മാളികയിൽ പരിശുദ്ധാത്മാവിന്റെ വരവിനായി കാത്തിരുന്നു. പെന്തക്കോസ്താ ദിവസം തീനാവുകളുടെ രൂപത്തിൽ തങ്ങളുടെമേൽ ഇറങ്ങിവന്ന പരിശുദ്ധാത്മാവിന്റെ ചൈതന്യം കൊണ്ടു നിറഞ്ഞപ്പോഴാണ് സുവിശേഷത്തിന് ശക്തമായ സാക്ഷ്യം വഹിക്കുവാൻ ശിഷ്യന്മാരെല്ലാം പ്രാപ്തരായിത്തീർന്നത്.

## വൈദികരുടെ വാർഷികധ്യാനം

ഫലപ്രദമായ സുവിശേഷവല്ക്കരണത്തിന് അപ്പോസ്തലന്മാരെപ്പോലെ ഇന്നും സഭാ ശുശ്രൂഷകർ, പ്രത്യേകിച്ചും വൈദികരായ ഞങ്ങൾ പരിശുദ്ധാത്മാവിനാൽ നിറയുകയും ശക്തിപ്രാപിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതാണ് ഒക്ടോബർ മാസം 16-ാം തിയതി മുതൽ 21-ാം തിയതിവരെ നടക്കുന്ന വൈദികരുടെ വാർഷിക ധ്യാനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ജൂബിലി വർഷത്തിലെ വൈദികരുടെ വാർഷിക ധ്യാനം ഒരു പുതിയ പെന്തക്കോസ്ത അനുഭവമായിത്തീരണം. ഇതിനായി ആയിരക്കണക്കിനാളുകൾ ഇതിനകം തന്നെ പരിത്യാഗമനുഷ്ഠിച്ച് പ്രാർത്ഥിക്കാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അതിരൂപതയിലെ എല്ലാ അംഗങ്ങളെയും ഇതിൽ പങ്കുചേരുവാൻ ഞാൻ ക്ഷണിക്കുകയാണ്.

നിങ്ങളുടെ തീക്ഷണമായ പ്രാർത്ഥനയും ഉദാരമായ പരിത്യാഗപ്രവൃത്തികളും വൈദികരായ ഞങ്ങളിലെല്ലാം ആഴമായ ഒരു പരിവർത്തനം വരുത്തുവാനും ഞങ്ങളിലെ പരിശുദ്ധാത്മാവിന്റെ ചൈതന്യം ഒന്നുകൂടി ഉജ്ജ്വലിപ്പിച്ചു നിറുത്തുവാനും ഏറെ ഉപകരിക്കും. സന്മനസ്സുള്ള എല്ലാവരും ഈ ദിവസങ്ങളിൽ വൈദികർക്കായി ഒരു നേരമെങ്കിലും ഉപവസിച്ച് പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദികരുടെ വിശുദ്ധീകരണത്തിനും പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനുമായി നമുക്കു ചെയ്യാവുന്ന മറ്റൊരു കാര്യം ജപമാല സമർപ്പണമാണ്. പ്രത്യേകിച്ചും വിവിധ ഭക്തസംഘടനാംഗങ്ങൾ കുടുംബങ്ങൾ സന്ദർശിച്ച് ജപമാല ഭക്തി പ്രോത്സാഹിപ്പിക്കുന്ന പതിവ് അഭിനന്ദനാർഹമാണ്. മരിയ സൈന്യത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസം അവസാനത്തെ ഞായറാഴ്ച നടത്താറുള്ള ജപമാല റാലിയിൽ കഴിയുന്നത്ര എല്ലാവരും പങ്കെടുത്ത് ക്രിസ്തുവിൽ നമുക്കുള്ള വിശ്വാസത്തിനും പരിശുദ്ധ കന്യകാമറിയത്തിൽ നിന്നും നമുക്കു ലഭിച്ചുകൊണ്ടിരിക്കുന്ന പ്രത്യേക സംരക്ഷണത്തിനും സാക്ഷ്യം വഹിക്കണമെന്ന് താല്പര്യപ്പെടുന്നു.

**മിഷൻ ഞായർ പിരിവ്**

പ്രാർത്ഥനയ്ക്കും പരിത്യാഗത്തിനും പുറമേ ആവുന്നത്ര സാമ്പത്തിക സഹായം നൽകിക്കൊണ്ടാണല്ലോ സാർവ്വത്രിക സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ നാം പങ്കുചേരുന്നത്. പതിവുപോലെ കഴിഞ്ഞതവണയും ഉദാരമായ സംഭാവനകളാണ് നിങ്ങളിൽ നിന്നും ലഭിച്ചത്. മൊത്തത്തിലും ആളോഹരിക്രമത്തിലും ഏറ്റവും കൂടുതൽ സംഭാവനകൾ നൽകിയ പത്ത് ഇടവകകളുടെ പേരുകൾ ചേർക്കുന്നു.

| 1. ഏറ്റവും കൂടുതൽ തുക സംഭാവന ചെയ്ത 10 ഇടവകകൾ | | |
|---|---|---|
| **നം.** | **ഇടവക** | **തുക** |
| 1. | പാളയം | 4,88,183.00 |
| 2. | പുത്തൻതോപ്പ് | 2,64,624.00 |
| 3. | വിഴിഞ്ഞം | 2,30,000.00 |
| 4. | പേട്ട | 2,08,000.00 |
| 5. | വെട്ടുകാട് | 2,05,440.00 |
| 6. | പുതിയതുറ | 1,61,790.00 |
| 7. | തൂത്തൂർ | 1,40,105.00 |
| 8. | കണ്ണാന്തുറ | 1,38,201.00 |
| 9. | വലിയവേളി | 1,29,329.00 |
| 10. | പുല്ലുവിള | 1,27,433.00 |

| 2. ആളോഹരി ക്രമത്തിൽ ഏറ്റവും കൂടുതൽ തുക സംഭാവന ചെയ്ത 10 ഇടവകകൾ | | |
|---|---|---|
| നം. | ഇടവക | തുക |
| 1. | കുമാരപുരം | 99.34 |
| 2. | മണക്കാട് | 98.94 |
| 3. | പുത്തൻതോപ്പ് | 88.92 |
| 4. | വെള്ളയമ്പലം | 86.48 |
| 5. | കുറവൻകോണം | 73.86 |
| 6. | പേട്ട | 72.42 |
| 7. | പാളയം | 64.98 |
| 8. | പോങ്ങുംമൂട് | 61.31 |
| 9. | സെന്റ് ആൻഡ്രൂസ് | 60.08 |
| 10. | നന്തൻകോട് | 55.58 |

ഏറ്റവും കൂടുതൽ സംഭാവനകൾ നൽകിയ മതസ്ഥാപനങ്ങൾ ഇവയാണ്:

| 1. ഏറ്റവും കൂടുതൽ തുക സംഭാവന ചെയ്ത 3 സ്ഥാപനങ്ങൾ | | |
|---|---|---|
| നം. | ഇടവക | തുക |
| 1. | സെന്റ് റോച്ചസ് കോൺവെന്റ്, തോപ്പ് | 39,000.00 |
| 2. | സെന്റ് ഹെലൻസ് എച്ച്.എസ്.എസ്., ലൂർദ്ദുപുരം | 35,001.00 |
| 3. | കാർമെൽ ഹിൽ മൊണസ്ട്രി | 24,671.00 |

പല ഇടവകകളും അവരുടെ കഴിവിനുമപ്പുറത്തുള്ള സംഭാവനകൾ നൽകിയതായി കാണുന്നു. 2010 മിഷൻ ഞായറാഴ്ച സംഭാവനകളായി മൊത്തത്തിൽ പിരിഞ്ഞു കിട്ടിയത് നാല്പത്തിയെട്ടു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി നാനൂറ്റി അൻപത്തി രണ്ടു (48,25,452/-) രൂപയാണ്. മുൻ കൊല്ലത്തെക്കാൾ അഞ്ചര ലക്ഷത്തിലധികം (5,52,894/-) രൂപയുടെ വർദ്ധനവുണ്ട്. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളോടുള്ള നിങ്ങളുടെ താല്പര്യത്തെയും നിങ്ങളുടെ ത്യാഗമനോഭാവത്തെയും ഞാൻ ഹാർദ്ദവമായി അഭിനന്ദിക്കുന്നു. അർഹമായ പ്രതിഫലം ദൈവം കൃപാവരങ്ങളായി നിങ്ങളുടെമേൽ ചൊരിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇത്തവണയും ഉദാരമായ സംഭാവനകൾ നൽകി സാർവ്വത്രിക സഭയുടെ സുവിശേഷവല്ക്കരണ പ്രക്രിയയിൽ സജീവമായി പങ്കുചേരുവാൻ മുന്നോട്ടു വരണമെന്ന് ഞാൻ നിങ്ങളേവരോടും അഭ്യർത്ഥിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

വെള്ളയമ്പലം
11.10.2010

✝ സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

---

**P.S.** ഈ ഇടയലേഖനം 2011 ഒക്ടോബർ മാസം 16-ാം തിയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.